"ഭരണഭാഷ മാതൃഭാഷ"

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
04712323198, email-jdacad@gmail.com

നം.എസിഡി എസ്.പി.സി(1)/305377/2023/എച്ച്.എസ്.ഇ. തീയതി. 19/05/2023

## സർക്കുലർ

**വിഷയം**- ഹ.സെ.വി - സമഗ്ര ശിക്ഷാ കേരള SSK - STARS - ഹയർ സെക്കന്ററി വിഭാഗം അധ്യാപകർക്ക് 'The Techie Teacher' പരിശീലനം നടത്തുന്നത് സംബന്ധിച്ച്.

സൂചന - സമഗ്ര ശിക്ഷാ കേരളം ഡയറക്ടറുടെ 15/05/2023 തീയതിയിലെ F3/5473/2022/SSK നമ്പർ കത്ത്.

സമഗ്ര ശിക്ഷാ കേരളം STARS പദ്ധതിയിലുൾപ്പെടുത്തി 'The Techie Teacher' എന്ന പ്രോഗ്രാമിന്റെ ഭാഗമായി ഹയർസെക്കന്ററി സ്കൂൾ ഐടി കോ-ഓർഡിനേറ്റർമാർക്ക് കൈറ്റുമായി ചേർന്ന് നേരിട്ട് പരിശീലനം നൽകുന്നതിനും പ്രസ്തുത പരിശീലനം ലഭിച്ച ഐ.ടി കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് അധ്യാപകർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹയർസെക്കന്ററി തലത്തിലുള്ള സ്കൂൾ ഐടി കോ-ഓർഡിനേറ്റർമാർക്ക് പ്രസ്തുത പരിശീലനം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹയർസെക്കന്ററി സ്കൂൾ തലത്തിലെ ഐടി കോ-ഓർഡിനേറ്റർമാർക്ക് **2023 മെയ് 22 മുതൽ മൂന്ന് ദിവസം ദൈർഘ്യമുള്ള** പ്രത്യേക The Techie Teacher പരിശീലനം നൽകുന്നതാണ്. പ്രസ്തുത പരിശീലനത്തിൽ എല്ലാ HITC മാരും പങ്കെടുക്കേണ്ടതാണ്.
2. മൊഡ്യൂൾ പരിഷ്കരണം, എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങൾ കൈറ്റ് എസ്.എസ്.കെ യുമായി ചേർന്ന് നടത്തേണ്ടതാണ്.
3. പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ www.kite.kerala.gov.in ലെ Training Management System -ൽ ഉൾപ്പെടുത്തേണ്ടതാണ്.
4. എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്ററുമായി ആലോചിച്ച് ഓരോ ജില്ലയിലും ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. കൈറ്റിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, പ്രൈമറി/സെക്കന്ററി/ഹയർ സെക്കന്ററി സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ, ബി.ആർ.സി കൾ, അസാപ് ലാബുകൾ തുടങ്ങിയവ പരിശീലന കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്.
5. പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ അധ്യാപകർക്കും ലാപ്ടോപ്പ് ആവശ്യമാണ്. അതിനാൽ അധ്യാപകർ IT@School_GNU/Linux_18.04 ഓപ്പറേറ്റിംഗ് സിസ്റ്റം

ഇൻസ്റ്റാൾ ചെയ്ത സ്വന്തമായ /സ്കൂളിലെ ലാപ്ടോപ്പ് സഹിതം പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

6. പരിശീലനത്തിന്റെ ഗുണനിലവാരം കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ആർ.ഡി.ഡി മാരും ജില്ലാ കോർഡിനേറ്റർമാരും കൈറ്റിന്റെ ജില്ലാ കോർഡിനേറ്റർമാരും എസ്.എസ്.കെ ഡി.പി.സി -മാരും പ്രത്യേകം ശ്രദ്ധക്കേണ്ടതും ആർ.ഡി.ഡിമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
7. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്ന തുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുളള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസ ങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.
8. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ
(അക്കാദമിക്ക്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
എല്ലാ ഹയർ സെക്കന്ററി പ്രഥമാധ്യാപകർക്കും

പകർപ്പ്:

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
2. എല്ലാ മേഖലാ ഉപമേധാവിമാർക്കും.